The Kerala State Women's Development Corporation Ltd.
Dept. of Women & Child, Govt. of Kerala
CIN: U91990KL1988SGC004978
GST No. 32AABCK3817B1Z7
she transcends

150 വർഷം
മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു.

തിരുവനന്തപുരം
23.12.2024

പ്രിയ മിത്രമേ,

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് തുടർച്ചയായി രണ്ടാം വർഷവും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) ദക്ഷിണേന്ത്യയിലെ മികച്ച ചാലക ഏജൻസിക്കുള്ള ദേശീയ അംഗീകാരവും ഒന്നാം റാങ്കും ലഭിച്ച വിവരം അറിഞ്ഞിരിക്കുമല്ലോ.

കേരളത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകളുടെ ഉന്നമനത്തിനയുള്ള പ്രവർത്തനങ്ങൾ, NMDFC ക്കുള്ള ഓഹരി വിഹിത സംഭാവന, NMDFC യിൽ നിന്നും സ്വീകരിച്ച വായ്പ തുകയുടെ മൂല്യം, തിരിച്ചടവിലെ കൃത്യത എന്നിവയെ അടിസ്ഥാനമാക്കി നടത്തിയ മൂല്യ നിർണ്ണയത്തിലാണ് നമുക്ക് ഒന്നാം റാങ്ക് ലഭിച്ചത്. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ വനിതകളുടെയും ട്രാൻസ് വ്യക്തികളുടെയും മേഖലയിൽ ഒരു ലക്ഷത്തിൽ അധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വനിതാ വികസന കോർപ്പറേഷന് സാധിച്ചു. കേരളത്തിലെ ഇടതു ജനാധിപത്യ മുന്നണി സർക്കാരിന്റെ മികച്ച പിന്തുണയും സഹായവും, വനിതാ വികസന കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ആത്മാർത്ഥമായ സഹകരണവും ഈ അംഗീകാരം ലഭിക്കാൻ സഹായകരമായിട്ടുണ്ട്. കേരളത്തിലെ വനിതകളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ഉതകുന്ന വനിതാ വികസന കോർപ്പറേഷന്റെ ഭാവി പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ ഈ അംഗീകാരത്തിന് കഴിയും എന്ന് വിശ്വസിക്കുന്നു. വനിതാ വികസന കോർപ്പറേഷനിലെ എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും എന്റെ അഭിനന്ദനങ്ങളും, ക്രിസ്തുമസ് പുതുവത്സര ആശംസകളും.

ചെയർപേഴ്സൺ
KSWDC

Registered & Corporate Office:
1st Floor, Transport Bhavan, East Fort,
Attakulangara P.O., Pin - 695023
Thiruvananthapuram, Kerala

E : head@kswdc.org
P : 91 94960 15015, 94960 15016
T : 91 471 2454570, 471 2454585

www.kswdc.org